കൊല്ലം-മൺട്രോത്തുരുത്ത് ബോട്ട് സർവ്വീസ്

123 (1178) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-മൺട്രോത്തുരുത്ത് ബോട്ട് സർവീസ് കഴിഞ്ഞ ഏതാനും ആഴ്ചകളായി മുടങ്ങിക്കിടക്കുകയാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ന് മുതലാണ് സർവ്വീസ് മുടങ്ങിയത് ;

(സി) അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ബോട്ട് സർവ്വീസ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നാട്ടുകാർ കൊല്ലം ബോട്ട്ജെട്ടിയിൽ ധർണ്ണ നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ ബോട്ടിനെ ആശ്രയിച്ച് കഴിയുന്ന സ്ഥലവാസികളുടെ യാത്രാക്ലേശം പരിഗണിച്ച് എത്രയും പെട്ടെന്ന് തന്നെ ബോട്ട് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-10-1999 മുതൽ സർവ്വീസ് മുടങ്ങി.

(സി) വെള്ളം കേടായതിനാൽ ബോഡി റിപ്പയറിനായി ബോട്ട് ഡോക്കിൽ കയറ്റിയിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

ഗുരുവായൂർ ദേവസ്വം മുൻഭരണസമിതി അംഗങ്ങളുടെ പേരിലുള്ള വിജിലൻസ് അന്വേഷണം

124 (1179) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ദേവസ്വം മുൻഭരണസമിതി അംഗങ്ങളിൽ ആരുടെയൊക്കെ പേരിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു എന്ന് വിശദമാക്കാമോ ;

(ബി) ഈ അംഗങ്ങളെ വീണ്ടും നാമനിർദ്ദേശം ചെയ്തത് കോടതി റദ്ദാക്കുകയുണ്ടായോ ;

(സി) ഇപ്പോൾ ഭരണസമിതിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടവർ ആരെല്ലാമാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly